Lalith Babu

**റവന്യൂ/ രജിസ്ട്രേഷൻ വകുപ്പുകളിൽ നിന്നും സർക്കാർ നിശ്ചയിച്ച ഫീസ് പ്രകാരം വിതരണം നടത്തി വരുന്ന രേഖകൾക്ക് വിവരാവകാശ നിയമപ്രകാരമുള്ള ഫീസ് മാത്രമേ ഈടാക്കാൻ പാടുള്ളൂ എന്ന വിവരാവകാശ കമീഷന്റെ ഉത്തരവിനെതിരെ ബഹു കേരള ഹൈ കോടതി മുമ്പാകെ അപ്പീൽ സമർപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി പൊതു ഭരണ വകുപ്പിന്റെ മറുപടി**

"ഭരണഭാഷ മാതൃഭാഷ"

<u>വിവരാവകാശം/അടിയന്തിരം</u>

**കേരള സർക്കാർ**

നം. 173/സിഡിഎൻ.5/19/പൊഭവ

പൊതുഭരണ (ഏകോപനം) വകുപ്പ്
തിരുവനന്തപുരം, തീയതി: 27.11.2019

പ്രേഷകൻ

അണ്ടർ സെക്രട്ടറി & സ്റ്റേറ്റ് പബ്ലിക്
ഇൻഫർമേഷൻ ഓഫീസർ

സ്വീകർത്താവ്

ശ്രീ. സുജിത്ത്കുമാർ.കെ.വി
എഴാംതോട്, ഉപ്പിലിക്കൈ.പി.ഒ
നീലേശ്വരം, കാസർഗോഡ് - 671 314

സർ,

വിഷയം:- പൊതുഭരണ വകുപ്പ് - വിവരാവകാശനിയമം - മറുപടി നൽകുന്നത് - സംബന്ധിച്ച്.
സൂചന:- 15.11.2019 ൽ ഈ വകുപ്പിൽ ലഭിച്ച താങ്കളുടെ 05.11.2019 -ലെ അപേക്ഷ

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാന വിവരാവകാശകമ്മീഷന്റെ AP 2281(I)/2018/SIC. തീയതി 04.02.2019 ലെ തീരുമാന പ്രകാരം റവന്യൂ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളിൽ നിന്ന് വിതരണം ചെയ്യുന്ന സർക്കാർ ഫീസ് ഏർപ്പെടുത്തിയിട്ടുള്ള രേഖകൾ, വിവരാവകാശ നിയമപ്രകാരം ലഭ്യമാക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലെന്നും, ഇത്തരത്തിലുള്ള രേഖകൾ സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് ഒടുക്കി നേടേണ്ടതാണെന്നും അറിയിക്കുന്നു. കൂടാതെ വിവരാവകാശ കമ്മീഷന്റെ മേൽ ഉത്തരവിനെതിരെ സർക്കാർ ബഹു.ഹൈക്കോടതിയിൽ അപ്പീൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരിക്കുകയാണ്.

ഈ മറുപടിയിൽ തൃപ്തനല്ലെങ്കിൽ മറുപടി ലഭിച്ച് 30 ദിവസത്തിനകം ഈ വകുപ്പിലെ അപ്പീൽ അധികാരിക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

**<u>അപ്പീൽ അധികാരിയുടെ മേൽവിലാസം</u>**

അഡീഷണൽ സെക്രട്ടറി ആന്റ് അപ്പീൽ അധികാരി
പൊതുഭരണ (ഏകോപനം) വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം.
ഫോൺ നമ്പർ - 0471-2517023

വിശ്വസ്തതയോടെ,

**മനോജ് കുമാർ.പി.സി**
അണ്ടർ സെക്രട്ടറി ആന്റ് സ്റ്റേറ്റ്
പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
(ടെലിഫോൺ - 0471-2518394)